**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5407** **15-03-2023 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയ്ക്കുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക ഡയറക്ടറേറ്റിൽ പോളിടെക്നിക് ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് ,സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ ആയതിന്റെ കൂടെ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത്; വ്യക്തമാക്കാമോ; | (എ) | 1) നിശ്ചിത മാതൃകയിലുള്ള അപേക്ഷ.<br><br>2) സേർച്ച് ഫീസ് ഉൾപ്പെടെ നിശ്ചിത ഫീസ്, അസൽ ചെലാൻ/ഡിമാൻഡ് ഡ്രാഫ്റ്റ്.<br><br>3) നഷ്ടപ്പെട്ട സർട്ടിഫിക്കറ്റിനായി, 220 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്.<br><br>4) കേടായ സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ്/ ഗ്രേഡ് കാർഡ് എന്നിവ സറണ്ടർ ചെയ്യണം.<br><br>5) അപേക്ഷകർ പഠിച്ച സ്ഥാപനത്തിലെ മേധാവി മുഖേന ഉചിത മാർഗേണ ആമുഖ കത്ത് സഹിതം അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കണം. |
| (ബി) | അപേക്ഷയിന്മേൽ മറുപടി ലഭ്യമാക്കുന്നതിന് സമയ പരിധിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | നഷ്ടപ്പെട്ട സർട്ടിഫിക്കറ്റിന് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് വിവരം കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഗസറ്റ് നോട്ടിഫിക്കേഷൻ തീയതി മുതൽ ഒരു മാസം കഴിഞ്ഞു മാത്രമേ പ്രിൻറിംഗ് നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. കേടായ സർട്ടിഫിക്കറ്റിന് പകരമുള്ള ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ്, ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് എന്നിവ നൽകുന്നതിന് നിശ്ചിത സമയ പരിധിയില്ല. |
| (സി) | അപേക്ഷകനെ വെരിഫൈ ചെയ്യുന്നത് ഇ-സംവിധാനത്തിലൂടെയാണോ റെക്കോർഡ് റൂമിലെ രജിസ്റ്റർ പരിശോധിച്ചാണോ എന്ന് വ്യക്തമാക്കാമോ; വിശദാംശം അറിയിക്കാമോ; | (സി) | അപേക്ഷകർ പഠിച്ച സ്ഥാപനത്തിലെയും സാങ്കേതിക പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിലെയും (ഇ-സംവിധാനം/ റെക്കോർഡ് റൂമിലെ രേഖകൾ ഉൾപ്പെടെ) രേഖകൾ പരിശോധിച്ചാണ് അപേക്ഷകളുടെ പ്രോസസിങ് നടത്തുന്നത്. റെക്കോർഡ് റൂമിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ ഉൾപ്പെടെ പരിശോധിച്ച് അപേക്ഷയുടെ വസ്തുത ബോധ്യപ്പെട്ടതിന് ശേഷം മാത്രമാണ് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ട രേഖകൾ പ്രിൻറ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. 2009 മുതലുള്ള രേഖകൾ പരിശോധിക്കുന്നതിനു ഇലക്ട്രോണിക് സംവിധാനം നിലവിലുണ്ട്. |
| (ഡി) | മാർക്ക് ലിസ്റ്റ് ,ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എന്നിവ അയക്കുന്നത് തപാൽ വഴിയാണോ; നേരിട്ട് കൈപ്പറ്റാൻ സാധിക്കുമോ; വിശദാംശം നൽകാമോ? | (ഡി) | ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് ,ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് എന്നിവ വിദ്യാർത്ഥികൾ / അപേക്ഷകർ അതാത് സ്ഥാപനം വഴിയാണ് സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലേയ്ക്ക് അപേക്ഷിക്കുന്നത്. തുടർന്ന് ആവശ്യപ്പെട്ട ഡ്യൂപ്ലിക്കേറ്റ് മാർക്ക് ലിസ്റ്റ് ,ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നിന്നും തപാൽ മാർഗ്ഗം നിർദ്ദിഷ്ട സ്ഥാപനത്തിലേയ്ക്ക് അയച്ചു കൊടുക്കുന്നതാണ്. സ്ഥാപനങ്ങളിൽ നിന്നും കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാവുന്നതാണ്. ഡിപ്ലോമ ഒറിജിനൽ സർട്ടിഫിക്കറ്റ് , ഒറിജിനൽ മാർക്ക് ലിസ്റ്റ് , എസ്.ബി.ടി.ഇ പോർട്ടൽ വഴി വിദ്യാർത്ഥികൾ അപേക്ഷിക്കുമ്പോൾ അപേക്ഷിക്കുന്ന അഡ്രസ്സിൽ തപാൽ മുഖാന്തിരം അയച്ചു കൊടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ